വർഷം	രജിസ്റ്റർ ചെയ്ത യൂണിറ്റുകളുടെ എണ്ണം	വളർച്ചാ നിരക്ക് ശതമാനത്തിൽ	തൊഴിൽ ലഭ്യത	വളർച്ചാ നിരക്ക്
1996-97	17421	-	64660	-
1997-98	19547	12.20%	70263	8.66%
1998-99	19736	1.00%	71632	1.95%
1999-2000 (31.1.2000 വരെ)	17169		61673	

(ഇ) വ്യവസായ നയപ്രഖ്യാപനത്തിനുശേഷം ടെക്നോപാർക്കിൽ 9 കമ്പനികൾ പ്രവർത്തനം തുടങ്ങി. മൂലധന നിക്ഷേപം 1590 ലക്ഷം രൂപ ആയി. 440 തൊഴിലവസരങ്ങൾ കൂടുതലായി സൃഷ്ടിക്കപ്പെട്ടു. ചെറുകിട വ്യവസായ മേഖലയിൽ പുതിയ വ്യവസായ നയപ്രഖ്യാപനത്തിനുശേഷം 25524 ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് സ്ഥിരം രജിസ്ട്രേഷൻ നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തൻമൂലം 94807 പേർക്ക് പുതിയ തൊഴിലവസരങ്ങൾ ഉണ്ടായി. 462.70 കോടി രൂപയുടെ മുതൽമുടക്ക് ഈ മേഖലയിൽ ഉണ്ടായിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.യിൽ ഈ കാലയളവിൽ ഏകദേശം 1000 കോടി രൂപ മുതൽമുടക്കുള്ളതും 6244 പേർക്ക് തൊഴിലവസരങ്ങളുമുള്ള 62 പദ്ധതികൾ പൂർത്തിയാക്കി കിൻഫ്രയുടെ വിവിധ പാർക്കുകളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് 25 വ്യവസായ സംരംഭകർ ഭൂമി ഏറ്റെടുത്ത് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

20 (*140) അനാഥാലയങ്ങളുടെ വിവിധ പ്രശ്നങ്ങൾ

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അനാഥാലയങ്ങളും ധർമ്മ സ്ഥാപനങ്ങളും നേരിടുന്ന വിവിധ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ;

(ബി) അന്തേവസികളുടെ പ്രതിമാസഗ്രാന്റും ഓർഫനേജ് ഫെസ്റ്റിന് അനുവദിക്കുന്ന ഗ്രാന്റും വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) അനാഥാലയങ്ങളിൽനിന്നും വിദ്യാഭ്യാസവും സാങ്കേതിക പരിശീലനവും നേടി പുറത്തുപോകുന്നവരുടെ പുനരധിവാസം സാദ്ധ്യമാക്കുന്നതിനാവശ്യമായ പദ്ധതികൾക്ക് രൂപം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ഡി) 1997-ലെ ലോക്കൽ ഫണ്ട് ആഡിറ്റ് റൂൾസ് പ്രകാരം ഇവർക്കു നൽകുന്ന ഗ്രാന്റ് തുകയിൽനിന്നും ഒരു ശതമാനം ആഡിറ്റ് ഫീസായി

LIBRARY ARCHIVES Kerala Legislative Assembly

വസൂൽചെയ്യുന്നതിന് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനെ അധികാരപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് പിൻവലിക്കാൻ നടപടികൾ സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഉണ്ട്. സംസ്ഥാനത്തെ അനാഥാശാലകൾക്ക് സർക്കാർ നൽകിവരുന്ന പ്രതിമാസ ഗ്രാന്റ് തുക തികച്ചും അപര്യാപ്തമാണെന്നും ഗ്രാന്റ് തുകയും അനാഥശാലകളുടെ അംഗസംഖ്യയും വർദ്ധിപ്പിക്കണമെന്നും കുടിശ്ശിക ഗ്രാന്റ് തുക നൽകണമെന്നും അനാഥശാലകളെ ആഡിറ്റ് ഫീസ് നൽകുന്നതിൽനിന്നും ഒഴിവാക്കണമെന്നും എസ്.എസ്.എൽ.സി. പാസ്സായിട്ടുള്ള കുട്ടികൾക്ക് തുടർ വിദ്യാഭ്യാസത്തിന് അംഗീകൃത സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കാത്ത സാഹചര്യത്തിൽ ഗ്രാന്റ് തുക തുടർന്നും നൽകണമെന്നും ജില്ലാതല കായികമേളകൾക്ക് ധനസഹായം അനുവദിക്കണമെന്നും മറ്റുമുള്ള ആവശ്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻവർഷങ്ങളിലെ കുടിശ്ശികയുൾപ്പെടെയുള്ള ഗ്രാന്റ് തുക 1999 മാർച്ചിൽ നൽകി കഴിഞ്ഞു. ഗ്രാന്റ് തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ സാമ്പത്തികസ്ഥിതി പരിഗണിച്ച് തൽക്കാലം അനുവദിക്കാൻ നിവൃത്തിയില്ല. അനാഥശാലകളിലെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നകാര്യം തീരുമാനിക്കുന്നതിനുമുമ്പ് ഇപ്പോൾ യഥാർത്ഥത്തിലുള്ള അംഗസംഖ്യ തീർച്ചപ്പെടുത്തിയതിനുശേഷം ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാരിനു സമർപ്പിക്കുവാൻ സമൂഹ്യക്ഷേമ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സംസ്ഥാനതല കായികമേളയ്ക്ക് പ്രതിവർഷം ഒരു ലക്ഷം രൂപാ അനുവദിച്ചിട്ടുണ്ട്. ജില്ലാതല കായികമേളകൾക്ക് ഓരോ ജില്ലയ്ക്കും പതിനായിരം രൂപാവീതം അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

അനാഥാലയങ്ങളെ ആഡിറ്റ് ഫീസ് നൽകുന്നതിൽനിന്നും ഒഴിവാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

എസ്.എസ്.എൽ.സി. പാസ്സായിട്ടും അംഗീകൃതസ്ഥാപനങ്ങളിൽ തുടർ വിദ്യാഭ്യാസത്തിന് പ്രവേശനം ലഭിക്കാത്ത കുട്ടികൾക്ക് മറ്റ് സ്ഥാപനങ്ങളിൽ തുടർന്നും പഠിക്കുന്നതിന് ഗ്രാന്റ് നൽകുന്നകാര്യവും സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) അന്തേവാസികളുടെ പ്രതിമാസ ഗ്രാന്റ് വർദ്ധിപ്പിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല. സംസ്ഥാന ഓർഫനേജ് ഫെസ്റ്റിന് അനുവദിച്ചിട്ടുള്ള ഒരു ലക്ഷം രൂപയ്ക്കു പുറമേ ജില്ലാതല ഓർഫനേജ് ഫെസ്റ്റിന് ഓരോ ജില്ലയ്ക്കും പതിനായിരം രൂപാ വീതം അനുവദിക്കണമെന്നുള്ള ആവശ്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) പരിഗണനാർഹമായ ഒരു നിർദ്ദേശമാണിത്.

(ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

21 (*141) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് വിഭജനം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് :
ശ്രീ. എ.സി. ഷൺമുഖദാസ് :

LIBRARY ARCHIVES Kerala Legislative Assembly